# KNANAYA CATHOLIC REGION

## ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO

**Vicar General and Knanaya Regional Director: Rev. Fr. Thomas Mulavanal**

541 N Willow Rd, Elmhurst, IL 60126. (310) 709 5111

mulavan@hotmail.com www.knanayaregion.us

Circular: 05/2016 June 18, 2016

ബഹുമാനപ്പെട്ട അച്ചാ, പ്രിയ സഹോദരീ സഹോദരന്മാരേ,

അമേരിക്കൻ പ്രവാസികളായ ക്നാനായ സമൂഹം ദൈവപരിപാലനയിൽ അജപാലനപരമായി വളർച്ചയുടെ പാതയിലാണ്. പരിമിതികളുടെ മധ്യത്തിലും കുടിയേറ്റജനത്തിന് സാധ്യമായ അജപാലന സൗകര്യങ്ങൾ ക്രമീകരിച്ചു തരുവാൻ സഭാനേതൃത്വം എന്നും ശ്രദ്ധിച്ചിരുന്നു. ക്നാനായ കത്തോലിക്കരെ സംബന്ധിച്ച് സീറോമലബാർ ആരാധനാപൈതൃകവും ക്നാനായ പാരമ്പര്യങ്ങളും ശരീരത്തിലെ രണ്ട് ശ്വാസകോശങ്ങൾപോലെ വിലപ്പെട്ടവയാണ്.

കുടിയേറ്റക്കാരായ നമുക്ക് മാതൃസഭയുടെ വിശ്വാസപാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കുവാനും സാമുദായിക പാരമ്പര്യങ്ങൾ പരിപോഷിപ്പിക്കുവാനും അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കിതന്ന ദൈവത്തോട് നമുക്ക് കൃതജ്ഞതയുള്ളവരാകാം. 2001-ൽ സീറോ-മലബാർ രൂപത ചിക്കാഗോയിൽ സ്ഥാപിതമായപ്പോൾ അതേ സഭയുടെ അവിഭാജ്യ ഘടകം എന്ന നിലയിൽ ക്നാനായ ജനത്തിന് അജപാലന സാധ്യതകൾ വിപുലീകരിക്കുവാനുള്ള ക്രമീകരണങ്ങൾക്ക് ആക്കം വർദ്ധിച്ചു. തുടർന്ന് ക്നാനായ വികാരി ജനറാളിന്റെ നേതൃത്വത്തിൽ ക്നാനായ സഭാ കൂട്ടായ്മകൾ സീറോ-മലബാർ രൂപതയുടെ കീഴിൽ ഏകോപിക്കപ്പെട്ടു. അതേതുടർന്ന് അഭി. മാർ ജെയ്ക്കബ് അങ്ങാടിയത്ത് പിതാവ് 2006 ഏപ്രിൽ 29-ന് ക്നാനായ റീജിയൻ സ്ഥാപിച്ചു തരികയും നോർത്തമേരിക്കയിലെ എല്ലാ ക്നാനായ കത്തോലിക്കരേയും ഈ റീജിയന്റെ അജപാലന പരിധിയിൽ പെടുത്തുകയും ചെയ്തു. ക്നാനായ മിഷനുകളും ദൈവാലയങ്ങളും ഫൊറോനകളും സ്ഥാപിക്കപ്പെട്ടതും ക്നാനായക്കാരുടെ അജപാലന മുന്നേറ്റത്തിനു കാരണമായി. സഭ അനുകൂലമാക്കിതന്ന സാഹചര്യങ്ങൾ നല്ലരീതിയിൽ പ്രയോജനപ്പെടുത്തിയ സ്ഥലങ്ങളിലെല്ലാം അജപാലനപ്രവർത്തനങ്ങൾ ഏറെ ഫലപ്രദമാക്കുവാനും സഭാഘടകങ്ങളായി വളരുവാനും നമുക്ക് സാധിച്ചു. ഇവയെല്ലാം നാം ലക്ഷ്യം വയ്ക്കുന്ന നമ്മുടെ തനതായ അജപാലന ഭരണ സംവിധാനങ്ങളിലേയ്ക്കുള്ള സാധ്യതകളാണ് ഒരുക്കി തരിക.

ഈ വർഷം ക്നാനായ റീജിയൻ സ്ഥാപിതമായിട്ട് പത്തുവർഷം തികയുകയാണ്. 2015-ൽ ഡിട്രോയിറ്റിൽ കൂടിയ ക്നാനായ വൈദികരുടേയും അത്മായ പ്രതിനിധികളുടേയും സമ്മേളനം, മിഷനുകളുടേയും ഇടവകകളുടേയും വിവിധതലങ്ങളിൽ പ്രാതിനിധ്യമുള്ള ഒരു പ്രതിനിധി സമ്മേളനം ഈ വർഷം നടത്തണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ഈ വരുന്ന സെപ്റ്റംബർ പത്താം തിയതി ശനിയാഴ്ച ചിക്കാഗോ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് പ്രസ്തുത സമ്മേളനം നടത്തുവാനാണ് നമ്മൾ തീരുമാനിച്ചിരിക്കുന്നത്. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ഈ സമ്മേളനത്തിൽ ആദ്യന്തം കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് പിതാവ് പങ്കെടുക്കുന്നതാണ്. അന്ന് വൈകുന്നേരം മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ ജോർജ്ജ് ആലഞ്ചേരി പിതാവും ചിക്കാഗോ രൂപതയിലെ മാർ ജെയ്ക്കബ്

അങ്ങാടിയത്ത് പിതാവും മാർ ജോയി ആലപ്പാട്ട് പിതാവും പ്രതിനിധി സമ്മേളനത്തിൽ സന്നിഹിതരായിരിക്കും. റീജിയനിലെ ഓരോ ഇടവകയിൽനിന്നും മിഷനിൽ നിന്നും ബഹു. വൈദികർ, സിസ്റ്റേഴ്സ്, കൈക്കാരന്മാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, വിശ്വാസ പരിശീലന ഡയറക്ടർമാർ, യുവജന പ്രതിനിധികൾ, പാരിഷ് കൗൺസിൽ പ്രതിനിധികൾ, വികാരി നിർദ്ദേശിക്കുന്ന മറ്റേതാനും വ്യക്തികൾ എന്നിവരുടെ പ്രാതിനിധ്യമാണ് പ്രതീക്ഷിക്കുന്നത്.

റീജിയനിലെ ആദ്യ ദൈവാലയമായ ചിക്കാഗോയിലെ മേവുഡ് തിരുഹൃദയ ഫൊറോനാ പള്ളിയുടെ പത്താം വാർഷികാഘോഷങ്ങൾ സെപ്റ്റംബർ 11–ാം തിയതി ഞായറാഴ്ച നടക്കുന്നതിനാൽ റീജിയനിലെ വൈദികരുടെയും പ്രതിനിധികളുടെയും സാന്നിദ്ധ്യം തദവസരത്തിലും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇടവകകളിൽ നിന്നും മിഷനുകളിൽ നിന്നും പങ്കെടുക്കുന്നവരുടെ പേരുവിവരം ജൂലൈ 3–ാം തിയതിക്കു മുൻപ് റീജിയൻ ഓഫീസിൽ അറിയിക്കേണ്ടതാണ്. ഓരോ ഇടവകയിൽനിന്നും കുറഞ്ഞത് 10 പ്രതിനിധികളെങ്കിലും നിശ്ചയമായും പങ്കെടുക്കത്തക്കവിധം ക്രമീകരണങ്ങൾ ചെയ്യണമെന്ന് താൽപര്യപ്പെടുന്നു.

ക്നാനായ റീജിയൻെറയും ഇടവകകളുടെയും മിഷനുകളുടെയും വളർച്ചയ്ക്ക് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ സേവനങ്ങൾക്കും സഹകരണങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും പ്രാർത്ഥനകൾക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ട്,

സ്നേഹത്തോടെ,



റവ. ഫാ. തോമസ് മുളവനാൽ
വികാരി ജനറാൾ / ക്നാനായ റീജിയൻ ഡയറക്ടർ

NB: ഈ സർക്കുലർ അടുത്ത ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.